# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1678 — 04.12.2018-ൽ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, സണ്ണി ജോസഫ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) വികസന പ്രവർത്തനങ്ങൾ താളം തെറ്റരുതെന്ന ഉദ്ദേശത്തിൽ 2018-19 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് മുഴുവൻ പദ്ധതികളും സമർപ്പിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നോ; | എ) 2018-19 വാർഷിക പദ്ധതി മാർച്ച് 31 ന് മുമ്പ് തന്നെ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. |
| ബി) വികസന പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണ്; അതിൽ എത്ര തുക 2018 ഒക്ടോബർ 31 വരെ ചെലവഴിച്ചിട്ടുണ്ട്; | ബി) വികസന പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു<br>ഗ്രാമപഞ്ചായത്ത് - ₹ 3310.56 കോടി<br>ജില്ലാ പഞ്ചായത്ത് - ₹ 892.21 കോടി<br>ബ്ലോക്ക് പഞ്ചായത്ത് - ₹ 89346.5 ലക്ഷം<br>മുനിസിപ്പാലിറ്റി/കോർപ്പറേഷൻ - ₹ 1625.71 കോടി<br><br>2018 ഒക്ടോബർ 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു<br>ഗ്രാമപഞ്ചായത്ത് - ₹ 1257.05 കോടി<br>ജില്ലാ പഞ്ചായത്ത് - ₹ 353.59 കോടി<br>ബ്ലോക്ക് പഞ്ചായത്ത് - ₹ 37225.56 ലക്ഷം<br>മുനിസിപ്പാലിറ്റി/കോർപ്പറേഷൻ - ₹513.26 കോടി |
| സി) പദ്ധതി തുക ചെലവ് ചെയ്യുന്നതിലുണ്ടായിട്ടുള്ള കുറവ് എന്തുകൊണ്ടാണ് ഉണ്ടായതെന്ന് വിശദീകരിക്കുമോ; | സി) പദ്ധതി തുക ചെലവ് ചെയ്യുന്നതിൽ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ പുരോഗതി കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെയുള്ള ചെലവ് പുരോഗതി 26.99% ആയിരുന്നു. ഈ സാമ്പത്തിക വർഷത്തെ ഒക്ടോബർ 31 വരെയുള്ള ചെലവ് പുരോഗതി 37.18% ആണ്. |

ബ്ലോക്ക് പഞ്ചായത്തുകളിൽ തുക ചെലവ് ചെയ്യുതിൽ കുറവ് വന്നിട്ടില്ല.

നഗരസഭകളിലും കോർപ്പറേഷനുകളിലും പ്രളയം പദ്ധതി രൂപീകരണത്തെ ബാധിച്ചിരുന്നില്ലെങ്കിലും പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതാണ്. കൂടാതെ എഞ്ചിനീയറിംഗ് പ്രവർത്തികളുടെ നിർവ്വഹണ പദ്ധതി ചെലവ് കുറയുന്നതിന് കാരണമായിട്ടുള്ളതാണ്. എസ് സി പി/ടി എസ് പി പദ്ധതികളുടെ നിർവ്വഹണത്തിൽ എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ മിക്ക നഗരസഭകളിലും ഇല്ലാതിരുന്നത് നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുള്ളതാണ്. എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ ഇല്ലാത്ത നഗരസഭകൾ എസ് സി പദ്ധതിയിൽ വകയിരുത്തിയ പ്രോജക്ടുകൾ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് നിർവ്വഹണം നൽകി ആരംഭിച്ചിട്ടുള്ളതാണ്. ടി എസ് പി ജനസംഖ്യ ഇല്ലാത്ത നഗരസഭകൾക്ക് ടി എസ് പി ഫണ്ട് അനുവദിച്ചത് വിനിയോഗ ശതമാനം കുറയാൻ ഇടയാക്കിയിട്ടുള്ളതാണ്.

ഡി) പ്രളയം ബാധിക്കാത്ത തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഒക്ടോബർ 31 വരെയുള്ള പദ്ധതി ചെലവ് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

ഡി) തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഒക്ടോബർ 31 വരെയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു.

| ജില്ല | ചെലവ് ശതമാനം |
|---|---|
| **ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ** | |
| തിരുവനന്തപുരം | 39.74% |
| കൊല്ലം | 37.67% |
| കാസർഗോഡ് | 38.13% |
| **ബ്ലോക്ക് പഞ്ചായത്തുകൾ** | |
| തിരുവനന്തപുരം | 46.29% |
| കൊല്ലം | 42.43% |
| കാസർഗോഡ് | 47.03% |
| **മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വിവരം അനുബന്ധമായി ചേർക്കുന്നു** | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No | Name of ULB | Budget Allocation | Expenditure | % of Expenditure |
|---|---|---|---|---|
| Thiruvanathapuram District | | | | |
| 1 | Attingal | 915.29 | 382.2 | 41.76 |
| 2 | Varkala | 1225.35 | 434.54 | 35.46 |
| 3 | Nedumangad | 2040.02 | 625.31 | 30.65 |
| 4 | Neyyattinkara | 2432.88 | 571.51 | 23.49 |
| 5 | Thiruvananthapuram | 27243.34 | 8001.45 | 29.37 |
| Kollam District | | | | |
| 6 | Karunagappally | 1327.4 | 517.31 | 38.97 |
| 7 | Kottarakara | 419.41 | 154.16 | 36.76 |
| 8 | Punaloor | 1612.05 | 554.87 | 34.42 |
| 9 | Paravoor | 1164.05 | 366.53 | 31.49 |
| 10 | Kollam | 10795.38 | 2508.6 | 23.24 |
| Kasaragod District | | | | |
| 11 | Nileshwar | 915.77 | 391.35 | 42.73 |
| 12 | Kanjhangad | 1557.85 | 574.88 | 36.9 |
| 13 | Kasargod | 1166.69 | 193.94 | 16.62 |

Section Officer